ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകുന്ന പദ്ധതി

141(1207) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരഹിതരായ കുടുംബങ്ങൾക്ക് മൂന്നുസെന്റ് ഭൂമി വീതം നൽകി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി വികസിപ്പിക്കുകയെന്ന ഉദ്ദേശത്തോടുകൂടി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. വിവിധ ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഒന്നാംഘട്ടമായി 36491 ഗുണഭോക്താക്കൾക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ രണ്ടാംഘട്ട പട്ടയ വിതരണംകൂടി നടത്തി കഴിഞ്ഞപ്പോൾ ആകെ 43437 പേർക്ക് ഈ പദ്ധതി പ്രകാരം പട്ടയം അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും രണ്ടാംഘട്ടത്തിൽ ഇടുക്കി ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം നൽകിക്കഴിഞ്ഞു. മറ്റ് ജില്ലകളിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പട്ടയ വിതരണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സ്വന്തമായി ഭൂമിയില്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി മൂന്നുസെന്റ് ഭൂമിവീതം പതിച്ചുകൊടുത്തുകൊണ്ട് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലുകൾ മുഖേന പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്.

GPM. 2/239/2020-25

LIBRARY ARCHIVES Kerala Legislative Assembly